# ശബരി റെയിൽവേ: ട്രാഫിക് സർവേ തുടങ്ങി

കോതമംഗലം● നിർദിഷ്ട അങ്കമാലി- ശബരി റെയിൽവേ പാതയ്ക്കായി നാറ്റ്പാക് നടത്തുന്ന ട്രാഫിക് സർവേ ആരംഭിച്ചു.

എംബിറ്റ്സ് എൻജിനീയറിങ് കോളജ് സിവിൽ വിഭാഗത്തിന്റെ സഹകരണത്തോടെയാണ് മൂന്ന് ദിവസത്തെ സർവേ നടക്കുന്നത്.

ശബരി റെയിൽവേ പദ്ധതിക്കായി നടത്തുന്ന പഠനങ്ങളുടെ ഭാഗമായി കോതമംഗലം - പെരുമ്പാവൂർ റൂട്ടിൽ ഇരുമലപ്പടിയിലാണ് സർവേ.

# സാമ്പത്തിക ചൂഷണം: പരാതി നൽകി

കൊച്ചി● പ്രാർഥനാ ഗ്രൂപ്പുകളുടെ മറവിൽ ലൈംഗിക പീഡനവും സാമ്പത്തിക ചൂഷണവും നടത്തുന്ന തൃശൂർ മരോട്ടിച്ചാൽ സ്വദേശിയെ അറസ്റ്റ് ചെയ്യാത്ത പൊലീസ് വീഴ്ച അന്വേഷിക്കണമെന്നും ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ടു മുഖ്യമന്ത്രിക്കു പരാതി നൽകിയതായി സെൻട്രൽ ഹ്യൂമൻ റൈറ്റ്സ് നാഷനൽ ചെയർമാൻ നേമം ലോറൻസ് പറഞ്ഞു.




വാഴക്കുളം വിശ്വജ്യോതി കോളജിലെ വിദ്യാർഥികൾ നിർമിച്ച എടിവി പുറത്തിറക്കിയപ്പോൾ. മോൺ. പയസ് മലേക്കണ്ടത്തിൽ, ഡയറക്ടർ ഫാ. പോൾ നെടുംപുറത്ത് എന്നിവരും വിദ്യാർഥികളും സമീപം.

# എടിവി നിർമിച്ച് വിശ്വജ്യോതി കോളജ് വിദ്യാർഥികൾ

മൂവാറ്റുപുഴ● എല്ലാ ഭൂപ്രദേശങ്ങളിലും ഒരുപോലെ ഉപയോഗിക്കാൻ കഴിയുന്ന ഓൾ ടെറെയ്ൻ വെഹിക്കിൾ (എടിവി) നിർമിച്ച് വാഴക്കുളം വിശ്വജ്യോതി എൻജിനീയറിങ് വിദ്യാർഥികൾ. ഓട്ടോ സ്പോർട്സ് ഇന്ത്യ ഗോവയിൽ സംഘടിപ്പിക്കുന്ന നാഷനൽ എടിവി ചാംപ്യൻഷിപ്പിൽ പങ്കെടുക്കുന്നതിനായാണ് തയാറാക്കിയത്.

വാഹനത്തിന്റെ ലോഞ്ചിങ് കോളജ് മാനേജർ മോൺ. പയസ് മലേക്കണ്ടത്തിൽ, ഡയറക്ടർ ഫാ. പോൾ നെടുംപുറത്ത് എന്നിവർ ചേർന്നു നിർവഹിച്ചു. പ്രിൻസിപ്പൽ ഡോ. കെ.കെ. രാജൻ, വൈസ് പ്രിൻസിപ്പൽ സോമി പി. മാത്യു, മെക്കാനിക്കൽ വിഭാഗം മേധാവി ഡോ. കെ. ഷണ്മുഖേഷ് എന്നിവർ പ്രസംഗിച്ചു.

ഇൻവിക്റ്റസ് ടെക്നിക്കൽ ക്ലബ്ബിന്റെ നേതൃത്വത്തിൽ 31 വിദ്യാർഥികളുടെ ടീം ആണു എടിവി നിർമിച്ചത്.

**NATIONAL HEALTH MISSION**
State Health & Family Welfare Society, State Programme Monitoring & Support Unit, Directorate of Health Services, General Hospital Junction Thiruvananthapuram 695035, Phone: 0471 2301181, 2302784
website: www.arogyakeralam.gov.in

**CAREER NOTIFICATION**

No. NHM/3466/Admin1/2021/SPMSU Dated **08.12.2022**

Applications are invited for the post of **Epidemiologist (IDSP)** on Deputation/ Contract basis in the State Health & Family Welfare Society, Thiruvananthapuram.
Last date of receiving online application is **19.12.2022**. For more details log on to **www. arogyakeralam.gov.in.**

sd/-
Date: 08.12.2022 STATE MISSION DIRECTOR (NHM)

# മാലിന്യപ്രശ്നം: പ്ലാന്റ് സ്ഥാപിക്കുമെന്ന് മന്ത്രി

തിരുവനന്തപുരം● എറണാകുളം ജില്ലയിലെ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനു ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജം ഉൽപാദിപ്പിക്കുന്ന സംയോജിത ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിയുമായി മുന്നോട്ടുപോവുകയാണെന്നു മന്ത്രി എം.ബി.രാജേഷ്. നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ജൈവമാലിന്യ പ്ലാന്റ് പ്രവർത്തനക്ഷമമാണ്. മഴക്കാലം മാറിയതിനാൽ പ്ലാന്റിൽ എത്തുന്ന ജൈവമാലിന്യം ഉണക്കിയ ശേഷം സംസ്കരിച്ചു വളമാക്കി മാറ്റുന്നു.

കൂടാതെ പുതിയ വിൻഡ്രോ കംപോസ്റ്റ് പ്ലാന്റിന് വേണ്ടിയുള്ള ഡിപിആർ സർക്കാരിന്റെ പരിഗണനയിലാണെന്നും നിയമസഭയിൽ ടി.ജെ.വിനോദിന്റെ സബ്മിഷനു മറുപടിയായി മന്ത്രി അറിയിച്ചു.




1096/2021/ CPASHO
Date: 01-12-2022

**CENTRE FOR PROFESSIONAL AND ADVANCED STUDIES**
(Established by Government of Kerala) H.O: School of Medical Education (Annex) Arpookara, Gandhinagar, Kottayam,
Tel: 0481-2595478

**APPLICATIONS INVITED**

The CPAS invite online applications for various faculty positions on contract basis in School of Medical Education and College of Teacher Education under it. The details can be had from the website: **www.cpas.ac.in**
Last date for online submission of application: 17.12.2022
Sd/- Director

**മലയാള മനോരമ**
**DISCLAIMER:** ഈ പത്രത്തിൽ പ്രസിദ്ധീകരിച്ച ഏതെങ്കിലും പരസ്യങ്ങളോടു പ്രതികരിക്കും മുമ്പ് അതിന്റെ സത്യാവസ്ഥയെ കുറിച്ച് പരിശോധിക്കുകയും ആവശ്യമായ അന്വേഷണങ്ങൾ നടത്തി സ്വയം തൃപ്തരാകുകയും വേണമെന്ന് വായനക്കാരോട് അഭ്യർത്ഥിക്കുന്നു. ഈ പത്രത്തിന്റെ ഉടമസ്ഥരായ മലയാള മനോരമ കമ്പനി പ്രൈവറ്റ് ലിമിറ്റഡ് ഏതെങ്കിലും പരസ്യത്തിന്റെയോ പരസ്യക്കാരന്റെയോ ഏതെങ്കിലും പരസ്യക്കാരന്റെ ഉൽപന്നങ്ങളുടെയോ/സേവനത്തിന്റെയോ ആധികാരികതയെ സംബന്ധിച്ച് ഉറപ്പു നൽകുന്നില്ല. ഈ ദിനപത്രത്തിലെ പരസ്യങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിധത്തിലുള്ള അവകാശ വാദങ്ങൾക്കോ നഷ്ടങ്ങൾക്കോ ഒരു കാരണത്താലും ഈ ദിനപത്രത്തിന്റെ / കമ്പനിയുടെ ഉടമസ്ഥർ, പ്രസാധകർ, പ്രിന്റർ, പത്രാധിപർ, ഡയറക്ടർ/മാർ, തൊഴിലാളികൾ ഉത്തരവാദികളോ / ബാദ്ധ്യസ്ഥരോ ആയിരിക്കുന്നതല്ല. ഗവൺമെന്റ് ഫോക്കസ്, ചാറ്റ് റൂം, ബിസിനസ്സ് വിജയ ഗാഥ, വിജയ സ്പർശം തുടങ്ങിയവ മാർക്കറ്റിംഗ് ഫീച്ചറുകളാണ്.